**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 68** **29-08-2022 - ൽ മറുപടിയ്ക്ക്**

**തെരുവ് നായ്ക്കളുടെ എണ്ണം നിയന്ത്രിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. വി. ആർ. സുനിൽകുമാർ,<br>ശ്രീ. ഇ കെ വിജയൻ,<br>ശ്രീമതി സി. കെ. ആശ,<br>ശ്രീ. പി. ബാലചന്ദ്രൻ** | | **ശ്രീമതി ജെ ചിഞ്ചുറാണി<br>(മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് അനിയന്ത്രിതമായി പെരുകുന്ന തെരുവ് നായ്ക്കളുടെ എണ്ണം നിയന്ത്രിക്കുന്നതിനുവേണ്ടി നടപ്പിലാക്കുന്ന ആനിമൽ ബർത്ത് കൺട്രോൾ പ്രോഗ്രാമിന്റെ പുരോഗതി വിശകലനം ചെയ്തിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ; | (എ) | ഉണ്ട്. സംസ്ഥാനത്ത് 2017 മുതൽ തെരുവുനായ നിയന്ത്രണ പദ്ധതി കുടുംബശ്രീ മുഖേനയാണ് നടപ്പിലാക്കിയിരുന്നത്. കുടുംബശ്രീയ്ക്ക് അനിമൽ വെൽഫെയർ ബോർഡിന്റെ അംഗീകാരം ഇല്ലാത്തതിനാൽ ഹൈക്കോടതിയിൽ നിലവിലുള്ള WP(C) No. 13204/2021 തീയതി 19/07/2021 ലെ ഇടക്കാല വിധി പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ കുടുംബശ്രീ മുഖാന്തിരം ABC പദ്ധതി നടപ്പിലാക്കുന്നത് തടഞ്ഞുകൊണ്ട് ഉത്തരവുണ്ടായിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ സർക്കാർ പുറപ്പെടുവിച്ച 27/12/2021ലെ സ.ഉ.(സാധാ) നം. 474/2021/AHD നമ്പർ ഉത്തരവ് പ്രകാരം കുടുംബശ്രീ മുഖേനയുള്ള ABC പ്രവർത്തനങ്ങൾ സംസ്ഥാനത്ത് നിർത്തിവയ്ക്കുകയുണ്ടായി. ഈ വിഷയം ബഹു.ഹൈക്കോടതിയുടെ പരിഗണനയിലാണ്. |
| (ബി) | തെരുവുനായ്ക്കളുടെ നിയന്ത്രണത്തിനുവേണ്ടി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ നടപ്പിലാക്കുന്ന പ്രസ്തുത പദ്ധതി കൂടുതൽ ശാസ്ത്രീയവും ഫലപ്രദവും ആക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ; | (ബി) | നിലവിൽ സംസ്ഥാനത്ത് കൊല്ലം, പാലക്കാട്, കോഴിക്കോട്, വയനാട്, കണ്ണൂർ ജില്ലകളിൽ മൃഗസംരക്ഷണ വകുപ്പ്, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ തുക വിനിയോഗിച്ച് എ.ബി.സി പ്രവർത്തനം നടത്തി വരുന്നു. 2021 വർഷത്തിൽ ഈ അഞ്ചു ജില്ലകളിലായി 18,550 തെരുവുനായ്ക്കളെ വന്ധീകരിച്ചിട്ടുണ്ട്. ഈ പ്രവർത്തനം ഇതേ രീതിയിൽ മറ്റു ജില്ലകളിലേയ്ക്കും വ്യാപിപ്പിയ്ക്കുന്നതിനാണ് സർക്കാർ ലക്ഷ്യമിടുന്നത്. മൃഗസംരക്ഷണ വകുപ്പിന്റെ കീഴിൽ നിലവിലുള്ള എബിസി സെന്ററുകളുടെ അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തിക്കൊണ്ട് പദ്ധതി കൂടുതൽ കാര്യക്ഷമമായി നടത്തുന്നതിനാണ് ഉദ്ദേശിയ്ക്കുന്നത്. തെരുവ് നായകളുടെ പുനരധിവാസവുമായി ബന്ധപ്പെട്ട് അഡോപ്ഷൻ ക്യാമ്പുകളുടെ |

| | | | |
|---|---|---|---|
| | | | രൂപീകരണം സംബന്ധിച്ച വിഷയം തദ്ദേശ സ്വയംഭരണവകുപ്പിന്റെ പരിഗണനയിലാണ്. |
| (സി) | സംസ്ഥാനത്തിന്റെ പല ഭാഗങ്ങളിലും പേവിഷബാധ റിപ്പോർട്ട് ചെയ്ത സാഹചര്യത്തിൽ കൂടുതൽ നായ്ക്കൾക്ക് പേവിഷബാധ ഉണ്ടാകാത്ത തരത്തിൽ തെരുവ് നായ്ക്കൾക്ക് പ്രതിരോധകുത്തിവെപ്പ് നടത്തുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ; | (സി) | നടപടി സ്വീകരിച്ചു വരുന്നു. പേവിഷബാധ നിർമ്മാർജനത്തിനായി തദ്ദേശ സ്വയംഭരണ വകുപ്പ് സ്ഥാപനങ്ങളും മൃഗസംരക്ഷണ വകുപ്പും സംയുക്തമായാണ് പദ്ധതികൾ നടപ്പിലാക്കി വരുന്നത്. പേവിഷബാധ പ്രതിരോധ പ്രവർത്തനത്തിന്റെ ഭാഗമായി മൃഗസംരക്ഷണ വകുപ്പ് റാബീസ് ഫ്രീ കേരള പദ്ധതി പ്രകാരം, നായ്ക്കളിൽ പ്രതിരോധ കുത്തിവയ്പ് നടത്തി വരുന്നു. 2021 വർഷം 127128 പേവിഷ പ്രതിരോധ കുത്തിവയ്പ് ഇപ്രകാരം നായ്ക്കളിൽ നടത്തിയിട്ടുണ്ട്. ഇതു കൂടാതെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ തങ്ങളുടെ പദ്ധതി വിഹിതം ഉപയോഗിച്ച് ജനകീയാസൂത്രണ പദ്ധതിയിൽ ഉൾപ്പെടുത്തിയും പേവിഷ പ്രതിരോധ കുത്തിവയ്പുകൾ നടത്തി വരുന്നു. തെരുവുനായ്ക്കളുടെ നിയന്ത്രണത്തിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളാണ് പദ്ധതി വിഹിതം നീക്കിവയ്ക്കുന്നത്. |
| (ഡി) | സംസ്ഥാനത്തെ അരുമ മൃഗങ്ങളെ പൂർണമായും നിർബന്ധിത പേവിഷ പ്രതിരോധ കുത്തിവെപ്പ് എടുപ്പിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ? | (ഡി) | സ്വീകരിക്കുന്നതാണ്. ഈ വിഷയത്തിൽ 26.07.2022 ന് നടന്ന വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയിൽ തീരുമാനം ഉണ്ടായിട്ടുണ്ട്. വളർത്തുനായ്ക്കൾക്ക് നിർബന്ധിത പേവിഷ പ്രതിരോധകുത്തിവെയ്പ്പും ലൈസൻസും നിർബന്ധമാക്കുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് പ്രസ്തുത കമ്മിറ്റി തീരുമാന പ്രകാരം നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ